പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1404 | 13.07.2016 ൽ മറുപടി നല്കേണ്ടത്. |

**വിദേശ ബ്രാന്റുകളുടെ പേരിൽ വിറ്റുവരുന്ന വ്യാജ സിഗരറ്റുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുള്ള** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | വിദേശ ബ്രാന്റുകളുടെ പേരിൽ വ്യാജ സിഗരറ്റുകൾ സംസ്ഥാനത്ത് വ്യാപകമായി വിറ്റു വരുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) | വിദേശ ബ്രാന്റുകളുടെ പേരിൽ വ്യാജ സിഗരറ്റുകൾ വിറ്റുവരുന്നതായുള്ള മാധ്യമ റിപ്പോർട്ടുകളല്ലാതെ ഇത് സംബന്ധമായ ഒരു പരാതിയും ആരോഗ്യവകുപ്പിൽ ലഭിച്ചിട്ടില്ല. COTPA ( Cigarettes and Other Tobacco Products Act ) നിയമം പ്രകാരം ആരോഗ്യവകുപ്പ് നേരിട്ട് നടത്തുന്ന റെയ്ഡുകളിൽ ഇത്തരം ഉൽപ്പന്നങ്ങൾ കൈവശം വയ്ക്കുകയോ വിൽക്കുകയോ ചെയ്യുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. |
| ബി) | ഗുണനിലവാരമില്ലാത്ത പുകയില ഉപയോഗിച്ച് നിർമ്മിക്കുന്ന ഇത്തരം സിഗരറ്റുകളുടെ ഉപയോഗം മാരക രോഗങ്ങൾക്ക് കാരണമാകുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | ബി) | എല്ലാ പുകയില ഉത്പന്നങ്ങളും ക്യാൻസറും മറ്റ് മാരക രോഗങ്ങളും ഉണ്ടാക്കുന്നുവെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ട വസ്തുതയാണ്. |
| സി) | സർക്കാരിന് നികുതി നഷ്ടവും ജനങ്ങൾക്ക് മാരകരോഗവും ഉണ്ടാക്കുന്ന ഇവയുടെ ഉപയോഗംതടയാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ; | സി) | പുകയിലയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുവേണ്ടി ഭാരതത്തിൽ നിലവിലുള്ള നിയമമാണ് COTPA ( Cigarettes and Other Tobacco Products Act ) ഈ നിയമ പ്രകാരം പുകയിലയുടെ വിൽപ്പനയ്ക്കും ഉപയോഗത്തിനും സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്തവർക്കെതിരെ പിഴയും മറ്റ് നിയമ നടപടികളും സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ഡി) | ഇതിനകം ഇത്തരം വ്യാജ സിഗരറ്റുകളുടെ നിർമ്മാണ-വിൽപന കേന്ദ്രങ്ങൾ കണ്ടെത്തി അവിടെ ആരോഗ്യ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | ഡി) | ആരോഗ്യവകുപ്പിന്റെ ഫീൽഡ് വിഭാഗം ജീവനക്കാർ നടത്തുന്ന COTPA Implimentation പദ്ധതിയിലൂടെ വിദ്യാലയങ്ങളും പരിസരങ്ങളും പുകയില വിമുക്തമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ആരോഗ്യവകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന സേഫ് കേരള പദ്ധതിയിലൂടെ കേരളത്തിലുടനീളം COTPA നിയമ ലംഘകർക്കെതിരെ നിയമനടപടി സ്വീകരിക്കുകയും അനധികൃത പുകയില ഉൽപ്പന്ന കേന്ദ്രങ്ങളിൽ റെയ്ഡുകൾ സംഘടിപ്പിച്ച് ഉൾപ്പന്നങ്ങൾ പിടിച്ചെടുക്കുകയും നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ജൂൺ 13, 2016 -ൽ തൃശ്ശൂർ ജില്ലയിൽ നടത്തിയ COTPA റെയ്ഡിൽ 14 ലക്ഷത്തിൽപ്പരം രൂപ വിലമതിക്കുന്ന അനധികൃത പുകയില ഉൽപ്പന്നങ്ങൾ കണ്ടുകെട്ടുകയുണ്ടായി. |

സെക്ഷൻ ഓഫീസർ